(1)	(2)	(3)	(4)	(5)	(6)	(7)	(8)
ആലപ്പുഴ	5854	1783	780	70.46	1003	44.58	115.04
കോട്ടയം	734	631	450	42.30	181	4.05	46.35
എറണാകുളം	1199	728	601	48.89	127	4.53	53.42
തൃശ്ശൂർ	393	217	132	10.60	85	3.07	13.67
മലപ്പുറം	836	255	196	18.95	59	4.82	23.77
കോഴിക്കോട്	761	577	352	32.16	225	6.78	38.94
കണ്ണൂർ	216	209	92	10.35	117	6.83	17.18
കാസർകോട്	718	510	454	41.30	56	2.45	43.75
ആകെ	11,475	6,675	3,993	368.77	2,682	146.45	515.22

(ഡി) ഭവനനിർമ്മാണ പദ്ധതിക്കായി 'ഹഡ്കോ'യിൽ നിന്നു മാത്രമേ വായ്പ യെടുത്തിട്ടുള്ളൂ. ഹഡ്കോയ്ക്ക് ഇനി 9% പലിശനിരക്കിൽ 90.86 ലക്ഷം രൂപ തിരി ച്ചടയ്ക്കാനുണ്ട്.

(ഇ) ഗവൺമെന്റിന് പരാതിയൊന്നും കിട്ടിയിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം

68 (1756) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര ഫിഷറീസ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഫിഷറീസ് സ്ക്കൂളുകളിൽ കുട്ടികൾ തികഞ്ഞില്ലെന്ന പരാതി എവിടെ നിന്നെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെനിന്നാണ് അത്തരം പരാതികൾ ലഭിച്ചിട്ടുള്ളത് ;

(ഡി) ഈ സ്ക്കൂളുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മറ്റു വിഭാഗം കുട്ടികൾക്കും ഈ സ്ക്കൂളിൽ അഡ്മിഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പത്ത് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾ പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ (അഴീക്കൽ), ബേപ്പൂർ, ചാവക്കാട് എന്നീ സ്ക്കൂളുകളിൽ കുട്ടികൾ കുറവുവന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) നിയമപരമായി ഈ സ്ക്കൂളുകളിൽ മറ്റു വിഭാഗം കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയില്ല. മത്സ്യത്തൊഴിലാളി കുട്ടികളുടെ അഭാവത്തിൽ ഇതരവിഭാഗം വിദ്യാർത്ഥികൾക്ക് 'ഡേ സ്കോളർ' ആയി പ്രവേശനം നൽകാമോ എന്ന കാര്യം പരിശോധിച്ചു വരുന്നു.

ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

69 (1757) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ എത്ര ഓഫീസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വിവരം ലഭ്യമാക്കാമോ ;

(ബി) എത്ര അസിസ്റ്റന്റുമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ;

(സി) ഏത് ബിരുദധാരികൾക്കാണ് പ്രസ്തുത തസ്തികയിൽ നിയമനം കൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ ജോയിന്റ് ഡയറക്ടറുടെ ഒരു തസ്തികയും അസിസ്റ്റന്റ് ഡയറക്ടറുടെ 8 തസ്തികകളുമാണ് ഒഴിഞ്ഞു കിടക്കുന്ന ഗസറ്റഡ് തസ്തികകൾ.

(ബി) ഫിഷറീസ് വകുപ്പിൽ അസിസ്റ്റന്റുമാരുടെ തസ്തിക ഇല്ല. ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ 6 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

(സി) ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. യാണ്.

ഫിഷറീസ് വകുപ്പിൽ തസ്തിക വെട്ടിക്കുറയ്ക്കുന്ന നടപടി

70 (1758) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിൽ എത്ര തസ്തികകളാണ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഈ തസ്തികകൾ നിർത്തലാക്കുന്നതിന് കാരണം എന്താണ് ;

(സി) ഈ തസ്തികകൾ ഏതെല്ലാം സ്കീമുകളുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് ;

(ഡി) തസ്തികകൾ നിർത്തലാക്കുന്നതിന്റെ ഫലമായി പ്രവർത്തനത്തിന് തടസ്സം നേരിടുന്ന ഏതൊക്കെ സ്കീമുകളാണ് ഈ വകുപ്പിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly